# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1030

10.06.2019-ലെ മറുപടി

### പട്ടുവം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി , എത്ര ശതമാനം വെള്ളം ഇപ്പോൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിലവിൽ 47% ജലമാണ് ഉപയോഗിച്ച് വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്ന ശ്രീകണ്ഠപുരം നഗരസഭ, ചെങ്ങളായി പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശത്തു കൂടി കുടിവെള്ളം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | ജിക്ക പദ്ധതിയുടെ ആരംഭഘട്ടത്തിൽ ശ്രീകണ്ഠപുരം നഗരസഭ, ചെങ്ങളായി പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണം ഉൾപ്പെട്ടിരുന്നില്ല. ശ്രീകണ്ഠാപുരം നഗരസഭയിലെ, നിടിയേങ്ങ പ്രദേശങ്ങളിലേയ്ക്ക് പട്ടുവം പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭ്യമാക്കുന്നതിന് സാങ്കേതിക വശങ്ങൾ പരിശോധിച്ച് ഫീസിബിൾ ആണെങ്കിൽ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങളായി പഞ്ചായത്തിലേക്കുള്ള കുടിവെള്ള വിതരണത്തിന് ജലലഭ്യത അനുസരിച്ച് വിശദമായ പഠനം നടത്തി ഭാവിയിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ